# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2994 | 13/07/2015 ൽ മറുപടിക്ക് |
|---|---|

**അഴിമതി നിരോധന നിയമത്തിലെ വകുപ്പുകളും നിയമോപദേശവും കോടതിവിധികളും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.എം.ഹംസ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോഴപ്പണം വാങ്ങൽ കുറ്റം സംബന്ധിച്ച് അഴിമതി നിരോധന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകളും അത് സംബന്ധമായ സുപ്രീംകോടതി വിധികളും ഉദ്ധരിച്ച് വിശദമാക്കുമോ ; | (എ) | അഴിമതി നിരോധന നിയമത്തിലെ 7 ഉം,13(1) (ഡി) യുമാണ് പ്രസ്തുത വകുപ്പുകൾ. ഒരു പൊതുജനസേവകൻ തന്റെ കർത്തവ്യവുമായി ബന്ധപ്പെടുന്ന വിഷയത്തിൽ മറ്റൊരാളിന്റെ താത്പര്യത്തിന് അനുസരിച്ച് പ്രവർത്തിക്കുന്നതിന് തുക ചോദിച്ച് വാങ്ങുന്നത് വകുപ്പ് 7 പ്രകാരം കുറ്റകരമാണ്. അപ്രകാരം ചെയ്യുന്നതായ പ്രവർത്തികൊണ്ടു പൊതുജനസേവകന് സാമ്പത്തിക നേട്ടം കൈവന്നാൽ വകുപ്പ് 13 (1) (ഡി) പ്രകാരം കുറ്റകരമാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തി കുറ്റകരമാകണമെങ്കിൽ പൊതുജനസേവകൻ കൈക്കൂലിയായി ആവശ്യപ്പെട്ടതിനുള്ള തെളിവ് ലഭ്യമാകണം. ഈ വിഷയത്തിൽ വർഷങ്ങളായി ഒട്ടനവധി വിധികൾ ഹൈക്കോടതികളും സുപ്രീംകോടതിയും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ അടുത്ത കാലത്തുണ്ടായ സുപ്രീംകോടതി വിധികൾ ബി.ജയരാജ് Vs സ്റ്റേറ്റ് ഓഫ് എ.പി. ( 2014(4) സ്കെയിൽ 81), പുരുഷോത്തം Vs സ്റ്റേറ്റ് ഓഫ് കർണ്ണാടക ( 2014 (4) KLT SN 79), സുകുമാരൻ Vs സ്റ്റേറ്റ് ഓഫ് കേരള ( 2015 (1) KLT SN 87) എന്നിവയാണ്. |
| (ബി) | അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരം, ഒരു പ്രതി കോഴ കൈപ്പറ്റിയെന്ന ആരോപണം തെളിയിക്കാനുള്ള വസ്തുതാ പരിശോധനയിൽ, എത്ര ശതമാനം തെളിവുകൾ ലഭിച്ചാൽ അന്വേഷണ ഉദ്യോഗസ്ഥന് പ്രതിക്കെതിരെ കുറ്റം ചുമത്തി കുറ്റപത്രം കോടതിയിൽ സമർപ്പിക്കാമെന്ന് വിശദമാക്കുമോ ; | (ബി) | തെളിവുകളുടെ തോത് നിർണ്ണയിക്കപ്പെടുന്നതിന് അനുസൃതമായ നിയമങ്ങളോ, ചട്ടങ്ങളോ, ഉത്തരവുകളോ വിജിലൻസ് ബ്യൂറോയിൽ നിലവിലില്ല. |
| (സി) | കോഴപ്പണം കൈപ്പറ്റിയതിന്റെ പേരിൽ എത്ര കേസുകളിൽ വിജിലൻസ് ഡയറക്ടർ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട് ; അവയെല്ലാം നൂറ് ശതമാനവും കുറ്റം തെളിയിക്കുന്നതിനുള്ള തെളിവുകൾ ശേഖരിച്ചതിനു ശേഷം മാത്രമായിരുന്നുവോയെന്നു വിശദമാക്കുമോ; | (സി) യും (ഡി) യും | കോഴപ്പണം കൈപ്പറ്റിയതിന്റെ പേരിൽ വിജിലൻസ് ഡയറക്ടർ കോടതിയിൽ ഒരു വിജിലൻസ് കേസിനും കുറ്റ പത്രം സമർപ്പിച്ചിട്ടില്ല. |
| (ഡി) | അവയിൽ ഓരോ കേസിലും അഡ്വക്കേറ്റ് ജനറൽ/അറ്റോർണി ജനറൽ/സോളിസിറ്റർ ജനറൽ തുടങ്ങിയവരിൽ നിന്നും നിയമോപദേശം തേടിയിട്ടുണ്ടായിരുന്നുവോയെന്നു വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ